ഒരു ആര്യസമാജം പ്രസിദ്ധീകരണം
*Date of Publication 10/03/2016*

*RNI NO. KERMAL /2013/53849*
*REGISTERED NO. OTTAPALAM/5/2014-16*


# NECHIYIL

**AYURVEDA VAIDYASALA & NURSING HOME**
**Karalmanna - 679 506**
**Ph: 0466-2281540 (Clinic), 2283408 (nursing home), 2282240 (res)**
**www.nechiyilayurveda.com**
**email:snechiyil@gmail.com**




- For scientific Ayurvedic treatments with a traditional touch
- SNEHA SWEDA KARMAS & PANCHAKARMA treatments are also done.
- Specialised in SIDHA medicine

**PHYSICIANS**

**Proff, Dr. N. Sasi kumar, B.A.M.S., M.D. (Ay)**

**Dr. Krishna Sasi Kumar, B.A.M.S**

**(OP Timing: 8.30 am to 1 pm & 3 pm to 7 pm)**

**Medicine Manufacturing Sector: SIDHESWARA DRUGS**
**Division for Manufacturing & Distribution of**
**Sidha and Ayurvedic Medicine**


*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*
*Email: dayanandasandesam@gmail.com* *Phone: 9562529095*



||ओ३म्||

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*
**വൈദിക – ദാർശനിക മാസിക**
**DAYANANDA SANDESAM**

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!



പുസ്തകം : 3 ലക്കം 9

വേദ സൃഷ്ടി സംവത്സരം 1972949116 – 17 കലിവർഷം 5117 – 18 ഫാൽഗുനം – ചൈത്രം
1191 കുംഭം – മീനം 2016 മാർച്ച്

വാർഷിക വരിസംഖ്യ: ₹ 60 /- ദീർഘകാലം: ₹1000/-



## പണ്ഡിറ്റ് ലേഖ്റാം (1858 – 1897)


**ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കപ്പെടേണ്ട പ്രധാന ദിനങ്ങൾ**

| | | |
|---|---|---|
| മാർച്ച് 6 | : | ശിവരാത്രി (ഋഷി ബോധോത്സവം) |
| | : | പണ്ഡിറ്റ് ലേഖ്റാം രക്തസാക്ഷിദിനം |
| മാർച്ച് 19 | : | പണ്ഡിറ്റ് ഗുരുദത്ത് വിദ്യാർത്ഥി സ്മൃതിദിനം |
| മാർച്ച് 21 | : | വൈദിക നവവത്സരാരംഭം |
| മാർച്ച് 23 | : | സർദാർ ഭഗത്സിംഗ്, സുഖ്ദേവ്, രാജ്ഗുരു രക്തസാക്ഷിദിനം |

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം! "*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



**_മണ്ഡലം 1 സൂക്തം 5_**

**_മധുഛന്ദാ ഋഷിഃ ഇന്ദ്രോ ദേവതാ നിച്യദ് ഗായത്രീ ഛന്ദഃ ഷഡ്ജഃ സ്വരഃ_**

**ത്വം സുതസ്യ പീതയേ സദ്യോ വൃദ്ധോ അജായഥാഃ ।**

**ഇന്ദ്ര ജൈഷ്ഠ്യായ സുക്രതോ ॥**

_(ഋഗ്വേദം 1. 5. 6)_

**പദാർത്ഥം:** അല്ലയോ (ഇന്ദ്ര) വിദ്യാദി പരമൈശ്വര്യയുക്തനും (സുക്രതോ) ശ്രേഷ്ഠ കർമ്മങ്ങൾ ചെയ്യുന്നവരും ഉത്തമബുദ്ധിയോടും കൂടിയ പണ്ഡിതൻമാരായ മനുഷ്യരേ!(ത്വമ്) നിങ്ങൾ (സദ്യഃ) വേഗത്തിൽ (സുതസ്യ) സാംസാരിക പദാർത്ഥങ്ങളുടെ രസത്തേ (പീതയേ) പാനം ചെയ്യുകയും ഗ്രഹിക്കുകയും (ജൈഷ്ഠ്യായ) അത്യുത്തമമായ കർമ്മാനുഷ്ഠാനങ്ങൾ ചെയ്യുന്നതിനായി (വൃദ്ധഃ) വിദ്യാദി ശുഭഗുണങ്ങളുടെ ജ്ഞാനത്തെ ഗ്രഹിച്ച് എല്ലാവർക്കും ഉപകാരം ചെയ്യുന്നതിൽ ശ്രേഷ്ഠ (അജായഥാഃ) നായിതീരൂ.

**ഭാവാർത്ഥം:** ഈശ്വരൻ ജീവികൾക്കായി ഉപദേശം നൽകുന്നു. അല്ലയോ മനുഷ്യാ ! നീ എപ്പോൾ വരെ വിദ്യയുടെ വൃദ്ധിചെയ്ത് നല്ല പ്രകാരത്തിൽ പരോപകാരം ചെയ്യുന്നില്ലയോ അതുവരെ നിനക്ക് മനുഷ്യത്വവും സർവ്വോത്തമവുമായ സുഖപ്രാപ്തി ഒരിക്കലും ഉണ്ടാവില്ല. അതുകൊണ്ട് നീ സദാ പരോപകാരം ചെയ്യുന്നവനായി തീരൂ.

_(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്_

_തർജ്ജമ : കെ.എം. രാജൻ)_

## ദയാനന്ദ സന്ദേശം വരിസംഖ്യ പുതുക്കുക

ദയാനന്ദ സന്ദേശത്തിന്റെ വരിസംഖ്യാ കാലാവധി സമാപിച്ചവർ എത്രയും വേഗം അത് പുതുക്കി ഈ വേദപ്രചാരണ യജ്ഞത്തിൽ തുടർന്നും സഹകരിക്കുവാൻ അഭ്യർത്ഥിക്കുന്നു. വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം:

**വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം,**

**ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504.**

_ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)_

_ഈ ജഗത് മുഴുവനും ഈശ്വരമയമാണ്_







_(മുൻ ലക്കത്തിന്റെ തുടർച്ച)_

# വേദപ്രകാശം പാഠാവലി

ജാതവേദൻ

**പാഠം 3** — **അദ്ധ്യയനം – അദ്ധ്യാപനം**

**ചോദ്യം 24: പ്രത്യക്ഷ പ്രമാണമെന്ന് പറയുന്നത് എന്താണ് ?**

**ഉത്തരം** : ദർശിക്കുക, കേൾക്കുക, ഗന്ധം അറിയുക, സ്പർശിക്കുക, സ്വാദ് അനുഭവിക്കുക എന്നിവയാൽ ഉണ്ടാവുന്ന വാസ്തവിക ജ്ഞാനത്തെ പ്രത്യക്ഷ പ്രമാണമെന്നു പറയുന്നു.

**ചോദ്യം 25: അസംഭവമായവയ്ക്ക് 5 ഉദാഹരണങ്ങൾ പറയുക?**

**ഉത്തരം** : 1.പർവ്വതത്തെ പൊക്കിയെടുക്കുക, 2.സമുദ്രത്തിൽ കല്ലിനെ പൊന്തിനിർത്തി നീന്തിക്കുക, 3. ചന്ദ്രനെ തുണ്ടം തുണ്ടമാക്കുക, 4. മനുഷ്യന് കൊമ്പുണ്ടാവുക എന്നിവ അസംഭവമായ കാര്യങ്ങളാണ്.

**ചോദ്യം 26: ആത്മാവിന്റെ ഗുണങ്ങൾ ഏതെല്ലമാണ് ?**

**ഉത്തരം** : ഇച്ഛ, ദ്വേഷം, പ്രയത്നം, സുഖം, ദുഃഖം, ജ്ഞാനം എന്നിവ ആത്മാവിന്റെ ഗുണങ്ങളാണ്.

**ചോദ്യം 27: ആറു ദർശനങ്ങൾ ഏതെല്ലാമാണ് ?**

**ഉത്തരം** : 1. യോഗ ദർശനം, 2. സാംഖ്യ ദർശനം, 3. വൈശേഷിക ദർശനം,

4. ന്യായ ദർശനം, 5. മീമാംസാ ദർശനം, 6. വേദാന്തദർശനം.

**ചോദ്യം 28: സർവ്വശ്രേഷ്ടമായ ദാനമേതാണ് ?**

**ഉത്തരം** : വിദ്യയുടെ ദാനമാണ് സർവ്വശ്രേഷ്ടമായ ദാനം.

**ചോദ്യം 29: വേദം പഠിക്കുന്നതിനുള്ള അധികാരം ആർക്കാണ് ?**

**ഉത്തരം** : എല്ലാ മനുഷ്യർക്കും വേദം പഠിക്കുന്നതിനുള്ള അധികാരം ഉണ്ട്.

**ചോദ്യം 30: രാഷ്ട്രത്തിന്റെ ഉന്നതിക്കുള്ള മൂന്നുപായങ്ങൾ ഏവ ?**

**ഉത്തരം** : 1. ബ്രഹ്മചര്യം, 2. വിദ്യ, 3. ധർമ്മപ്രചാരണം

(തുടരും)

_സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)_

_ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !_



# വേദാന്തി ധ്വാന്തി നിവാരണം

**മഹർഷി ദയാനന്ദസരസ്വതി**

***തർജ്ജമ: കെ.എം. രാജൻ***

1. **ജീ**വാത്മാവ് ബ്രഹ്മമാണെന്നതിനുള്ള പ്രമാണമായി പറയുന്നത് ഋഗ്വേദത്തിലേതെന്നുപറയുന്ന 'പ്രജ്ഞാനമാനന്ദം ബ്രഹ്മ' എന്ന വാക്യമാണ്. എന്നാൽ ഋഗ്വേദത്തിലെ എട്ടഷ്ടകത്തിലും ഈ വാക്യമില്ല. എന്നാൽ വേദ വ്യാഖ്യാനമായ 'ഐതരേയ ബ്രാഹ്മണ' ത്തിൽ ഈ വാക്യമുണ്ട്. അതിങ്ങനെയാണ്. 'പ്രജ്ഞാനം ബ്രഹ്മ' ഈ വാക്യത്തിലെ ബ്രഹ്മത്തിന്റെ സ്വരൂപം നിരൂപണം ചെയ്യാം.

'പ്രകൃഷ്ടം ജ്ഞാനം തത് പ്രജ്ഞാനം അർത്ഥാത് പ്രകൃഷ്ടജ്ഞാന സ്വരൂപമ് ||

**വ്യാഖ്യാനം** : ഏതിലാണോ പ്രകൃഷ്ട സർവ്വോത്തമ അനന്ത ജ്ഞാനമുള്ളത് അതിനെ പ്രജ്ഞാനമെന്ന് പറയാം. അതായത് പ്രകൃഷ്ട ജ്ഞാനസ്വരൂപ പ്രജ്ഞാന വിശേഷണത്താൽ ഇതിനെ നിശ്ചയിക്കപ്പെടുന്നു. ആർക്കാണോ അവിദ്യാന്ധകാര അജ്ഞാനത്തിന്റെ ലേശമാത്രപോലും സംബന്ധമില്ലാത്തത്, ഉണ്ടാവത്തത്, എന്ന്. 'ബ്രഹ്മ' മെന്നത് ഏറ്റവും വൃദ്ധവും (വലിയവൻ) എല്ലാ ജഗത്തിനേയും വർദ്ധിപ്പിക്കുന്നവനും സ്വഭക്തൻമാർക്ക് അനന്ത മോക്ഷസുഖത്താൽ അനന്തജ്ഞാനത്തെ വർദ്ധിപ്പിക്കുന്നതും അതേ പോലെ വ്യവഹാരത്താൽ ബൃഹത്തും (വലുത്) സുഖത്തെ നൽകുന്നതുമായ പരമാത്മാവിന്റെ സ്വഭാവത്തിന്റ സ്വരൂപമാണ്. ഇതിന് മഹാവാക്യമെന്ന പേര് നവീന വേദാന്തികൾ നൽകിയതും അപ്രമാണമാണ്. എന്തെന്നാൽ ഋഷികൃതമായ ഗ്രന്ഥങ്ങളിലൊന്നും ഇതിന്നെ മഹാവാക്യമെന്ന് പറയുന്നില്ല.

'അഹം ബ്രഹ്മാസ്മി' എന്ന വാക്യത്തെ വേദാന്തികൾ അർത്ഥമാക്കുന്നത് 'ഞാൻ ബ്രഹ്മമാകുന്നു' അഥവാ ഭ്രമത്തിനടിപ്പെട്ട് ജീവാത്മാവായി തീർന്ന ഞാൻ ഇപ്പോൾ സാക്ഷാൽ ബ്രഹ്മമാണെന്ന് തിരിചറിയുന്നുവെന്ന്.

ഇത് അവരുടെ തെറ്റായ നിഗമനമാണ്. പൂർവ്വാപരഗ്രന്ഥങ്ങളുടെ സംബന്ധത്തെ നോക്കാതെ ഒരു ചോരനെപ്പോലെ അവിടേയും ഇവിടേയും മാത്രം നോക്കി തന്റെ വാദത്തിന് സാധുത നൽകി സ്വാർത്ഥ സിദ്ധി വരുത്തുകയാണ്. ഈ വാക്യത്തിന്റെ പൂർവ്വാപരസംബന്ധം ഇങ്ങിനെയാണ്. ശതപഥ ബ്രഹ്മണം പതിനാലാം കാണ്ഡം മൂന്നാം പ്രപാഠകം രണ്ടാം ബ്രഹ്മണം പതിനെട്ടാം കണ്ടിക.

"ആത്മേത്യേവോപാസീത | അത്രഹ്യേതേ സർവ്വ ഽഏകം ഭവന്തി" || ഇത്യുപക്രമ്യ - തദേതത് പ്രേയഃ പുത്രാത് പ്രേയോ വിത്താൽ പ്രേയോഽന്യസ്മാത് സർവ്വസ്മാദന്തരതരം യദയമാത്മാ| സ യോഽന്യ മാത്മനഃ പ്രിയം ബ്രുവാണം ബ്രൂയാത് പ്രിയം രോസ്ത്യതീതീശ്വരോഹ തഥൈവ സ്യാദാത്മാനമേവ പ്രിയമുപാസീത |സ യ ആത്മാനമേവ പ്രിയമുപാസതെ ന ഹാസ്യ പ്രിയം പ്രമായുക്തം ഭവതി|| (19)

(തുടരും)

**അവിദ്യയെ അകറ്റുകയും വിദ്യയെ അഭിവൃദ്ധിപ്പെടുത്തുകയും വേണം**
**മഹർഷി ദയാനന്ദ സരസ്വതി**

*ധർമ്മം ചര (തൈ. ഉ. 1.11.1)*
*ധർമ്മാചരണം ചെയ്യൂ !*






# ദയാനന്ദ സന്ദേശം

**ആര്യസമാജത്തിന്റെ മുഖപത്രം**

**വൈദിക-ദാർശനിക മാസിക**

**പുസ്തകം : 3** **ലക്കം 9**

**വേദ സൃഷ്ടി സംവത്സരം 1972949116 – 17 കലിവർഷം 5117 – 18 ഫാൽഗുനം – ചൈത്രം**
**1191 കുംഭം – മീനം 2016 മാർച്ച്**

**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്
**പത്രാധിപർ**
കെ.എം. രാജൻ
**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്
**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| ശത്രുവോ? മിത്രമോ? | : | 6 |
| ഉപദേശ മഞ്ജരി | : | 7 |
| ജീവിതം ഒരലയാഴി | : | 8 |
| സ്വസ്ഥ വൃത്തം | : | 10 |
| സ്വാദ്ധ്യായം | : | 11 |
| സംശയനിവാരിണി | : | 12 |
| മഹർഷി ദയാനന്ദ സരസ്വതി | : | 13 |
| വേദാന്തി ധ്വാന്തി നിവാരണം | : | 14 |
| വേദപ്രകാശം പാഠാവലി | : | 15 |



**വിലാസം**
**ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ, പാലക്കാട് – 679 504**
**Ph:9562529095, 9446017440**
**Email:dayanandasandesam@gmail. com**
**Visit us : www.thearyasmaj.org/kerala**


## മുഖവാണി

## ശിവരാത്രി(ബോധരാത്രി)



**ആ**ധുനികയുഗത്തിൽ ലോകത്തെ ദുഃഖങ്ങളിൽനിന്നു മോചിപ്പിക്കുന്നതിനും സുഖം നൽകുന്നതിനുമായി പ്രയത്നിച്ചവളരെ അധികം മഹത് വ്യക്തികൾ ജൻമമെടുത്തിട്ടുണ്ട്. തങ്ങളുടെ ജീവിതത്തിലൂടേയും ഉപദേശങ്ങളിലൂടെയും ജനങ്ങളെ ഉദ്ബുദ്ധരാക്കാൻ അവർ ശ്രമിച്ചു. തത്ഫലമായി വ്യത്യസ്തമായതും വൈവിധ്യമാർന്നതുമായ നിരവധി മത സമ്പ്രദായങ്ങൾ നിലവിൽവന്നു. സർവ്വ ധർമ്മങ്ങളുടേയും മൂലസ്രോതസ്സായ വേദങ്ങളുടെ പഠനവും പാഠനവും ക്രമേണ നിലച്ചു. കേവലം ബ്രാഹ്മണരിൽ മാത്രമായത് ചുരുങ്ങി. സ്ത്രീകളേയും സാധാരണക്കാരെയും വേദം ചൊല്ലുന്നതിൽ നിന്നും കേൾക്കുന്നതിൽ നിന്നും വിലക്കി. സൃഷ്ടിയുടെ ആരംഭം മുതൽ വേദാദി സത്യശാസ്ത്രങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള പഞ്ചമഹായജ്ഞങ്ങൾക്കുപകരം വ്യത്യസ്ഥങ്ങളായ ആരാധനാ രീതികളും അനുഷ്ഠാനങ്ങളും പ്രചാരത്തിൽ വന്നു.

*അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)*
*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

രാമായണ-മഹാഭാരത കാലഘട്ടം വരെ ബിംബാരാധന ലോകത്തിൽ ഉണ്ടായിരുന്നില്ല. ജൈനൻമാരിൽ നിന്നാണിത് തുടങ്ങിയത് എന്ന് മഹർഷി ദയാനന്ദൻ സത്യാർത്ഥപ്രകാശത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. നിരാകാരനും സർവ്വവ്യാപകനും സർവ്വശക്തിമാനുമായി വേദങ്ങളിൽ വർണ്ണിക്കുന്ന ഈശ്വരനെ സാകാരനായി അഭിഷേക-നിവേദ്യങ്ങളാൽ മണികൊട്ടി പൂജിക്കാൻ തുടങ്ങിയതോടെ ഭാരതത്തിന്റെ അധഃപതനം ആരംഭിച്ചു. ശതഹസ്ത സമാഹാര സഹസ്രഹസ്ത സംകിര (നൂറുകൈകളാൽ സമ്പാദിച്ച് ആയിരം കൈകളാൽ വിതരണം ചെയ്യു) എന്ന വേദവാക്യത്തേ (അഥർവ്വ വേദം 3.24.5) മറികടന്ന് സമ്പത്ത് മുഴുവനും സോമനാഥം പോലുള്ള ക്ഷേത്രങ്ങളിൽ കുമിഞ്ഞുകൂടി. ഈ വൻസമ്പത്താണ് മുഹമ്മദ് ഗസ്നിയേ പോലുള്ളവരെ നമ്മുടെ ആര്യാവർത്തം ആക്രമിക്കാൻ പ്രേരിപ്പിച്ചത് എന്നും മഹർഷി ദയാനന്ദൻ സത്യാർത്ഥപ്രകാശത്തിലെഴുതിയിട്ടുണ്ട്.

1837 ലെ ഒരു ശിവരാത്രി ദിനത്തിൽ നടന്ന ഒരു ചെറിയസംഭവം. രാത്രി 12 മണിയോടെ ഭക്തരെല്ലാം ഉപവാസമെടുത്ത് ശിവഭജനം നടത്തി പതുക്കെ മയക്കത്തിലേക്ക് വഴുതിവീണപ്പോൾ ഒരു മുഷികൻ ശിവലിംഗത്തിൻ ഓടിക്കയറി അവിടെ വെച്ചിരുന്ന നിവേദ്യവസ്തുക്കൾ ഭക്ഷിക്കുന്നു. വളരെ സാധാരണമെന്ന് നമുക്ക് തോന്നാമെങ്കിലും 14 വയസ്സുമാത്രം പ്രായമുണ്ടായിരുന്ന മൂൽശങ്കറിന്റെ ജീവിതത്തെ അത് മാറ്റിമറിച്ചു. തന്റെ സംശയത്തിന് പിതാവിൽ നിന്നോ മറ്റാരിൽ നിന്നോ യുക്തമായ മറുപടി ലഭിക്കാത്തതിനാൽ യഥാർത്ഥ ശിവനെ അന്വേഷിച്ചു കണ്ടെത്തുന്നതിനായി മൂൽശങ്കർ വീടുവിട്ടിറങ്ങി. മഥുരയിലെ അന്ധനായ 80 വയസ്സിനടുത്ത് പ്രായമുണ്ടായിരുന്ന ഗുരു വിരജാനന്ദനാണ് മൂൽശങ്കറിന്റെ സംശയങ്ങൾക്ക് നിവാരണം നൽകാനായത്. അങ്ങനെ മൂൽശങ്കർ മഹർഷി ദയാനന്ദ സരസ്വതിയായിതീർന്നു. അനാചാരങ്ങൾക്കും അന്ധ വിശ്വാസങ്ങൾക്കുമെതിരെ ജനങ്ങളെ ബോധവാൻമാരാക്കാനും സത്യ-സനാതനമായ വേദധർമ്മത്തേ പുനഃസ്ഥാപിക്കുന്നതിനുമായി ജീവിതം സമർപ്പിക്കുക എന്ന ഗുരുദക്ഷിണയാണ് ഗുരുവിരാജാനന്ദൻ മഹർഷി ദയാനന്ദനിൽനിന്നാവശ്യപ്പെട്ടത്. 'കൃണ്വന്തോ വിശ്വമാര്യ'മെന്ന മുദ്രാവാക്യവുമായി ആര്യസമാജമെന്ന മഹത് പ്രസ്ഥാനത്തിലൂടെ മഹർഷി ദയാനന്ദൻ അതിനായി ജീവിതം ഉഴിഞ്ഞുവെച്ചു. അദ്ദേഹത്തിന്റെ കാലശേഷം മഹർഷിയുടെ അനശ്വര ശിഷ്യൻമാരായ പണ്ഡിറ്റ് ലേഖ്റാം, സ്വാമി ശ്രദ്ധാനന്ദൻ എന്നിവരും ആ ദൗത്യമേറ്റെടുത്ത് രക്തസാക്ഷിത്വം വരിച്ചു. ഒരു മതഭ്രാന്തന്റെ കുത്തേറ്റ് പണ്ഡിറ്റ് ലേഖ്റാം 1897 മാർച്ച് 6 ന് രക്തസാക്ഷിയായി. ഈ വർഷം ശിവരാത്രിയും പണ്ഡിറ്റ് ലേഖ്റാം രക്തസാക്ഷി ദിനവും ഒരു ദിവസമാണ് വരുന്നത് എന്നത് യാദൃശ്ചികമാണ്.

ഈ ശിവരാത്രി ദിനത്തിൽ നമുക്ക് ഒരാത്മപരിശോധന നടത്താം മഹർഷി കാണിച്ച പാതയിലൂടെ വേദപതാകവുമായി സധൈര്യം നമുക്ക് മുന്നോട്ട്പോകാനാവട്ടെ.

**പത്രാധിപർ**

*തിഷ്ഠൻ വൈ വീര്യവത്തമഃ (ശതപഥം 3.6.2.1)*
*ദൃഢതാപൂർവ്വം കർമ്മമനുഷ്ഠിക്കുന്ന വ്യക്തി എല്ലാവരിലും വെച്ച് ബലവാനും സഫലവാനുമാകുന്നു*






*(മുൻ ലക്കത്തിന്റെ തുടർച്ച)*

**ആര്യവീർ ദളം - ബാലപംക്തി** **ആര്യവീരഗാഥ - 1**

# മഹർഷി ദയാനന്ദസരസ്വതി

*നചികേതസ്*



**സ്വാ**മിജിയുടെ ചോദ്യങ്ങൾക്ക് അദ്ദേഹത്തിന് ഉചിതമായ ഉത്തരങ്ങൾ നൽകാനായില്ല. പിന്നീട് ജൻമനായുള്ള ജാതിവ്യവസ്ഥയെകുറിച്ച് ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ ഒരാൾ സ്വാമിജിയുമായി സംസാരിച്ചു. സ്വാമിജി വളരെ ഭംഗിയായി അദ്ദേഹത്തെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി. അതോടൊപ്പം പ്രാചീന ഭാരതത്തിൽ റെയിൽ, വിമാനം എന്നിവ ഉണ്ടായിരുന്നതിന്റെ പ്രമാണം ഉദ്ധരിച്ചു. രാജാ നളന്റെ വിമാനത്തേക്കുറിച്ചും അദ്ദേഹം സൂചിപ്പിച്ചു.

## അഹമ്മദാബാദ് പ്രാർത്ഥനാസമാജത്തിൽ സ്വാമിജിയുടെ പ്രഭാഷണം

1857 ൽ സ്വാമിജി ബോംബെയിലെത്തി. നഗരത്തിലെല്ലായിടത്തും ശാസ്ത്ര സംവാദത്തിനായുള്ള പരസ്യങ്ങൾ നൽകി. വളരെയധികം പേർ സ്വാമിജിയെ കാണാനെത്തി. ചിലർ ശാസ്ത്ര ചർച്ചകൾ നടത്തുന്നതിനായാണ് എത്തിയത്. സ്വാമിജിയുടെ യുക്തിസഹവും ശാസ്ത്രീയവുമായ വാദമുഖങ്ങൾക്കു മുമ്പിൽ ആർക്കും പിടിച്ചു നിൽക്കാനായില്ല. ഇപ്രകാരം എല്ലാ മതക്കാരിലും സമ്പ്രദായക്കാരിലും സജീവ ചർച്ചയുണ്ടായി. ഭാവിയിൽ വരാൻ പോകുന്ന ആര്യസമാജ സ്ഥാപനത്തിനുള്ള അണിയറ ഒരുങ്ങുകയായിരുന്നു. ഉചിതമായ അവസരങ്ങളിലെല്ലാം സ്വാമിജി തന്റെ പ്രചാര പ്രവർത്തനം നാലുപുറവും വ്യാപിപ്പിച്ചു. അതിന്റെ ഭാഗമായി സ്വാമിജി അഹമ്മദാബാദിലെത്തി.

സ്വാമിജി അവിടെ എത്തുന്നതിന് കുറച്ച് ദിവസം മുമ്പാണ് അഹമ്മദബാദിൽ പ്രാർത്ഥനാസമാജത്തിന്റെ പ്രവർത്തനം തുടങ്ങിയത്. പ്രാർത്ഥനാസമാജത്തിലെ സദസ്യർ സ്വാമിജിയെ ഉചിതമായി സ്വീകരിച്ചു. അദ്ദേഹത്തിന്റെ പ്രഭാഷണത്തിനു വേണ്ടുന്ന വ്യവസ്ഥകൾ ഒരുക്കി. എല്ലാവരുമൊത്ത് പ്രവർത്തിക്കാനാണ് സ്വാമിജി ആഗ്രഹിച്ചത്. സ്വന്തം മതം മാത്രമാണ് ശ്രേഷ്ടമെന്ന സിദ്ധാന്തം ലോകത്തിൽ കലാപങ്ങൾക്ക് വഴിവെയ്ക്കും. പ്രാർത്ഥനാസമാജത്തിന്റെ പേര് ആര്യസമാജമെന്നാക്കിയാൽ നന്നായിരിക്കുമെന്ന് സ്വാമിജി ആഗ്രഹിച്ചു. എന്നാൽ പ്രാർത്ഥനാസമാജത്തിലെ പ്രമുഖ കാര്യകർത്താക്കൻമാരിൻ പലർക്കും വേദവിഷയത്തിൽ അഭിപ്രായ ഐക്യം ഇല്ലാത്തിനാൽ പ്രാർത്ഥനാ സമാജത്തെ ആര്യസമാജമാക്കുക സാധ്യമായിരുന്നില്ല. സ്വാമിജി തന്റെ വൈദിക കാഴ്ചപ്പാടിൽ നിന്ന് ഒരു പ്രലോഭനങ്ങളെ കൊണ്ടും പിൻമാറാൻ തയ്യാറായിരുന്നില്ല എന്നാണിത് വ്യക്തമാക്കുന്നത്. സ്വാമിജി ബോംബേയിലേക്ക് തന്നെ മടങ്ങി.

(തുടരും)

*യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)*
*ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ*

(മുൻ ലക്കത്തിന്റെ തുടർച്ച)

# ? = സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

മദൻ രഹേജ
തർജ്ജമ: സൂരി



**പ്ര**ണ ആയുംഷി താരിഷത് (ഋഗ്വേദം 4.39.6) ഈശ്വരനോട് 'ഞങ്ങൾക്ക് ദീർഘായുസ്സ് തരൂ' എന്ന് പ്രാർത്ഥിക്കുന്നു. അതുകൊണ്ട് മനുഷ്യന്റെയോ മറ്റ് ഏതു ജീവികളുടേയോ ആയുസ്സ് നിശ്ചിതമല്ല.

'പശ്യേമ ശരദഃ ശതം ജീവമേ ശരദഃ ശതം' അതായത് 'ഈശ്വരാ, ഞങ്ങൾക്ക് നൂറു വർഷം ദർശിക്കാനും ജീവിക്കാനും ഇടയാക്കട്ടെ' അതുകൊണ്ട് മനുഷ്യന്റെ ആയുസ്സ് നിശ്ചിതമല്ല.

**ചോദ്യം 43** : സൃഷ്ടിയിൽ പശു - പക്ഷികളാണോ മനുഷ്യനാണോ ആദ്യമുണ്ടായത് ?

**ഉത്തരം** : സൃഷ്ടിയുടെ നിയമമനുസരിച്ച് ആദ്യം ഭോഗിയ്ക്കപ്പെടേണ്ട വസ്തുവും പിന്നീട് ഭോക്താവുമാണ് ഉണ്ടാവേണ്ടത്. സൃഷ്ടിയിൽ ആദ്യം വനം, വനസ്പതി, ഫലമൂലങ്ങൾ, അന്നം മുതലായ ഭോഗ്യപദാർത്ഥങ്ങളുണ്ടാകുന്നു. പിന്നീട് പശു - പക്ഷികളുണ്ടാകുന്നു. ഇതെല്ലാം ഉണ്ടായതിനു ശേഷം അവസാനം മനുഷ്യന്റെ ഉൽപ്പത്തിയുണ്ടാകുന്നു. ഇതൊരു പുതിയകാര്യമല്ല. മനുഷ്യൻ അവസാനമാണ് ഉണ്ടാകുന്നത് എന്നതിന് വേദങ്ങളിലും പ്രമാണമുണ്ട്.

തസ്മാദ്യജ്ഞാത്സർവഹുതഃ സംഭൃതം പൃഷദാജ്യമ് |

പശുസ്താശ്ചക്രേ വായവ്യാനാരണ്യാ ഗ്രാമ്യാശ്ച യേ ||

(യജുർവ്വേദം 31.6)

വനസ്പതി, ഓഷധി, പശു, പക്ഷി, ആന, കുതിര, മുതലായവ മനുഷ്യന് വളരെ ഉപകാര പ്രദമാണ്. അതുകൊണ്ട് ഇവയെല്ലാം മനുഷ്യനു മുമ്പും അവസാനം മനുഷ്യോൽപ്പത്തിയുമുണ്ടാവുന്നു.

**ചോദ്യം 44** : മനുഷ്യൻ എന്തിനാണ് ജന്മമെടുക്കുന്നത് ?

**ഉത്തരം** : ന്യായ ദർശനത്തിലെ ഈ സൂത്രം ഇതിനുള്ള ഉത്തരം തരും.

ദുഃഖ - ജൻമ - പ്രവൃത്തി - ദോഷ - മിഥ്യാജ്ഞാനമ്

ഉത്തരോത്തരോപായേ തദനന്തരാപായാദപവർഗ്ഗഃ ||

(ന്യായദർശനം 1.2)

മനുഷ്യജൻമത്തിന്റെ മുഖ്യകാരണം അവന്റെ പൂർവ്വസംസ്കാരവും സഞ്ചിതകർമ്മങ്ങളുമാണ്. അജ്ഞാനത്തിൽ നിന്ന് ദോഷവും ദോഷത്തിൽ നിന്ന് തെറ്റായ പ്രവൃത്തികളുമുണ്ടാകുന്നു. ഈ പ്രവൃത്തികളിൽ നിന്ന് എല്ലാ ദുഃഖങ്ങൾക്കും കാരണമായ ജന്മമുണ്ടാവുകയും ചെയ്യുന്നു. അജ്ഞാനം നീങ്ങാത്തിടത്തോളം കാലം ജനന - മരണങ്ങളുടെ ഈ അനാദിചക്രം ചലിച്ചുകൊണ്ടേയിരിയ്ക്കും. അജ്ഞാനം നീങ്ങിയാൽ മുക്തി ലഭിക്കുകയും ജീവാത്മാവ് പരാന്തകാലം ആനന്ദമനുഭവിക്കുകയും ചെയ്യുന്നു.

(തുടരും)

*തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)*
*ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !*







(മുൻ ലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

മഹർഷി ദയാനന്ദ സരസ്വതി

## അഥ വേദോൽപ്പത്തി വിഷയഃ

തർജ്ജമ: കെ.എം. രാജൻ

**ഉത്തരം** : അല്ല.എന്തെന്നാൽ ഈശ്വരനാൽ ഉണ്ടാക്കപ്പെട്ട വേദങ്ങൾ പഠിച്ചതിനുശേഷമേ ഗ്രന്ഥരചനകൾ നടത്താൻ മനുഷ്യനു സാദ്ധ്യമാവുകയുള്ളൂ. അവ പഠിക്കുകയും അറിവുണ്ടാകുകയും ചെയ്യാതെ ഒരാളും വിദ്വാനാവില്ല. ഇക്കാലത്തും ഏതെങ്കിലും ശാസ്ത്രങ്ങൾ പഠിച്ച് ആരുടെയെങ്കിലും ഉപദേശങ്ങൾ കേട്ട് മനുഷ്യരുടെ പരസ്പരമുള്ള വ്യവഹാരം കണ്ടറിഞ്ഞ് മാത്രമേ മനുഷ്യർക്ക് അറിവുണ്ടാവുന്നുള്ളൂ. അതല്ലാതെ ഒരിക്കലും സാദ്ധ്യമല്ലിത്. ഒരു മനുഷ്യബാലനെ ജനിച്ചനാൾ തൊട്ട് ഏകാന്തമായൊരിടത്ത് പാർപ്പിച്ച് ഭക്ഷണപദാർത്ഥങ്ങൾ യഥാസമയം നൽകി ആ കുട്ടിയോട് ഒരിക്കലും സംഭാഷണാദികൾ ചെയ്യാതെ വളർത്തിയാൽ അയാളുടെ മരണം വരെ മനുഷത്വം അയാൾക്ക് ലഭിക്കില്ല. അറിവും ഉണ്ടാവില്ല. മഹാവനങ്ങളിൽ താമസിക്കുന്നവർക്ക് മനുഷ്യരുടെ ഉപദേശമില്ലാതെ യഥാർത്ഥജ്ഞാനം ലഭിക്കാത്തതിനാൽ അവർ മൃഗതുല്ല്യരായി തീരുന്നു. അതുപോലെ വേദോപദേശം ലഭിക്കാഞ്ഞാൽ മനുഷ്യരുടെ കാര്യവും അങ്ങിനെ തന്നെയാവും. പിന്നെ ഗ്രന്ഥരചനയുടെ കാര്യത്തെകുറിച്ച് എന്തു പറയാനാണ്? അതിനാൽ വേദങ്ങൾ ഈശ്വരകൃതമാണെന്ന് അംഗീകരിക്കുക തന്നെ വേണം.

മൈവം വാച്യം | ഈശ്വരേണ മനുഷ്യേഭ്യഃ സ്വാഭാവികം ജ്ഞാനം ദത്തം, തച്ച സർവ്വഗ്രന്ഥേഭ്യഃ ഉൽകൃഷ്ടമസ്തിനൈവ തേന വിനാ വേദാനാം ശബ്ദാർത്ഥ സംബന്ധാനാമപിജ്ഞാനം ഭവിതുമർഹതി, തദുന്നത്യാ ഗ്രന്ഥരചനമപികരിഷ്യന്തേവ, പുനഃ കിമർത്ഥം മന്യതേ വേദോൽപ്പാദനമീശ്വരേണേ കൃതമിതി.?

ഏവം പ്രാപ്തേ വദാമഹേ നൈവ പൂർവ്വോക്തായ ശിക്ഷിതായൈകാന്തേ രക്ഷിതായ ബാലകായ മഹാരണ്യസ്ഥേഭ്യോ മനുഷ്യേഭ്യശ്ചേശ്വരേണ സ്വാഭാവികം ജ്ഞാനം ദത്തം കിം ? കഥം നാസ്മദാദയോഽപ്യന്യേഭ്യഃ ശിക്ഷാഗ്രഹണമന്തരേണ വേദാധ്യയനേന ച വിനാ പണ്ഡിതാ ഭവന്തി ? തസ്മാത് കിമാഗതമ് ? ന ശിക്ഷയാ വിനാധ്യയനേന ച സ്വാഭാവികജ്ഞാന മാത്രേണ കസ്യാപി നിർവ്വാഹോ ഭവിതുമർഹതി | യഥാസ്മദാദിഭിരപ്യന്യേഷാം വിദുഷാം വിദ്വത്കൃതാനാം ഗ്രന്ഥാനാം ച സകാശാദനേകവിധം ജ്ഞാനം ഗൃഹീത്വൈവ ഗ്രന്ഥാന്തരം രച്യതേ, തഥേശ്വരജ്ഞാനസ്യ സർവ്വേഷാം മനുഷ്യാണാമപേക്ഷാഽവശ്യം ഭവതി | കിഞ്ച ന സൃഷ്ടേരാരംഭ സമയേ പഠനപാഠന ക്രമോ ഗ്രന്ഥശ്ചകശ്ചിദപ്യാസീത്തദാനീമീശ്വരോപദേശമന്തരാ ന ച കസ്യാപിവിദ്യാസംഭവോ ബഭൂവ, പുനഃ കഥം കശ്ചിജ്ജനോ ഗ്രന്ഥം രചയേത് | മനുഷ്യാണാം നൈമിത്തിക ജ്ഞാനേ സ്വാതന്ത്ര്യാഭാവാത് | സ്വാഭാവിക ജ്ഞാന മാത്രേണൈവ വിദ്യാപ്രാപ്ത്യനുപപത്തേശ്ച |

(തുടരും)

*ഭദ്രാ രാതിഃ (സാമം 111)*
*പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ശത്രുവോ? മിത്രമോ?

ഋഷ്യശൃംഗൻ

## ലൈംഗിക അരാജകത്വം

**ഈ** നാലാശ്രമങ്ങളിലും ഇന്ദ്രിയങ്ങളെ നിയന്ത്രിച്ചു നിർത്തേണ്ടത് അത്യാവശ്യമാണ്. കുടുംബ ജീവിതത്തിൽ പരസ്പരവിശ്വാസം കാത്ത് സൂക്ഷിക്കലാണ് ഏറെ പ്രധാനമായത്. നമ്മുടെ പലപുരാണങ്ങളിലും മറ്റും സദാചാരവിരുദ്ധമായ ജീവിതംനയിക്കുന്നവരെ പറ്റി പറയുന്നുണ്ട്. ബ്രഹ്മാവ്, ശ്രീകൃഷ്ണൻ, നാരദൻ, ദ്രൗപദി തുടങ്ങിയ പല മഹത് വ്യക്തികളേയും താറടിച്ചു കാണിക്കുന്ന കഥകൾ തത്പരകക്ഷികൾ പുരാണങ്ങളെന്ന പേരിൽ പടച്ചു വിട്ടിട്ടുണ്ട്. ഇവയെല്ലാം അസംബന്ധങ്ങളും വേദവിരുദ്ധവുമാണ്. വാമമാർഗ്ഗികളുടേയും ചാർവ്വാകൻമാരുടേയും കാലത്തെ രചനകളാണിവ. മഹർഷി ദയാനന്ദ സരസ്വതി തന്റെ അമരഗ്രന്ഥമായ സത്യാർത്ഥപ്രകാശത്തിൽ ഇത്തരം പുരാണങ്ങളെ തുറന്നു കാട്ടിയിട്ടുണ്ട്.

ഇന്നത്തെ സാമൂഹ്യപരിസ്ഥിതിയും വിദ്യാലയാന്തരീക്ഷവും കുട്ടികളിൽ അമിത ഭോഗത്തിനു പ്രേരിപ്പിക്കുന്നതാണ്. ആരോഗ്യമുള്ള ഒരു സമൂഹം അതിരുകളില്ലാത്ത ലൈംഗിക ജീവിതത്തേ അംഗീകരിക്കില്ല. ഭോഗമെന്നത് തീയിൽ നെയ്യൊഴിക്കുന്നതുപോലെയാണ്. അതിനാൽ ഇന്ധന നിയന്ത്രണം അത്യാവശ്യമാണ്. ഇന്ധനം (നെയ്യ്) കൂടുതൽ നൽകുമ്പോൾ തീ ആളിക്കത്തിവൻ അഗ്നിക്കിടയാക്കും. അതിനാൽ പ്രാർത്ഥന, ഉപാസന, ഈശ്വര സാമിപ്യം, സ്വാദ്ധ്യായം, കഠിനാദ്ധ്വാനം എന്നീ ഗുണങ്ങൾ വികസിപ്പിച്ച് അനൈതികമായ കാര്യങ്ങളിൽ നിന്ന് വിട്ടു നിൽക്കണം.


പല നാടുകളിലും വേശ്യാവൃത്തി നിയമ വിധേയമാക്കിയിട്ടുണ്ട് എന്നത് ഗൗരവമായി കാണേണ്ടതാണ്. വേശ്യാലയങ്ങൾ ലോകത്തെവിടെയും കാണാം. ഏതാനും പേർക്ക് ഒരു വരുമാനമാർഗ്ഗമാണിതെങ്കിലും അതിന്റെ വിപത്ത് ഭീതിജനകമാണ്. എയ്ഡ്സ്, ടി.ബി തുടങ്ങിയ പല മാറാരോഗങ്ങൾക്കും ഇത് വഴിവെക്കുന്നു. മൃഗങ്ങളും മറ്റു ജീവികളും വർഷത്തിലൊരിക്കലോ മറ്റോ മാത്രം പ്രത്യുത്പാദത്തിനായി ലൈംഗിക ബന്ധത്തിലേർപ്പെടുന്നു. എന്നാൽ മനുഷ്യരാണെങ്കിൽ വർഷം മുഴുവനും-ജീവിതകാലം മുഴുവനും ഇതിൽ മുഴുകി കഴിയുന്നു. സോക്രട്ടീസിനോട് ഒരിക്കൽ ഒരു യുവാവ് ചോദിച്ചു. " ഒരാൾ സ്ത്രീസുഖം ലഭിക്കാനായി ബന്ധപ്പെടേണ്ടത് എപ്പോഴൊക്കെയാണ്". മഹാനായ സോക്രട്ടീസ് മറുപടി പറഞ്ഞത് ഒരു ശവപ്പെട്ടി തയ്യാറാക്കി വെക്കലാണ് അനിയന്ത്രിതമായ ഭോഗം ആഗ്രഹിക്കുന്നവർ ചെയേണ്ടത് എന്നാണ്.

(തുടരും)

*ഛിദ്രം വൃണ (യജുർവ്വേദം 12.54)*
*തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും*







# സ്വാദ്ധ്യായം

*നചികേതസ്*

**(ചോദ്യങ്ങൾ അയക്കേണ്ട വിലാസം: നചികേതസ്, ദയാനന്ദസന്ദേശം, ആര്യസമാജം, വെള്ളിനേഴി – 679 504. ചോദ്യം അയക്കുന്നവർ പേരും പൂർണ്ണവിലാസവും (ഫോൺ നമ്പർ സഹിതം) എഴുതിയിരിക്കണം.**

**ഭവ്യ. കെ. വി, തൂത**

**ചോദ്യം** : സന്ധ്യോപാസനയിൽ ചൊല്ലുന്ന അഘമർഷണമന്ത്രം പാപത്തെ കഴുകികളയുന്നതാണെന്ന് പറയുന്നു. എന്നാൽ ജഗദുൽപ്പത്തിയെകുറിച്ച് വിവരിക്കുന്ന ഈ മന്ത്രം ജപിക്കുന്നതിലൂടെ പാപം നശിക്കുന്നതെങ്ങിനെയാണ്?

**ഉത്തരം** : ഇവിടെ രണ്ടുകാര്യം ശ്രദ്ധിക്കണം. കേവലം മന്ത്രജപം കൊണ്ട് പാപം തീരുമെന്ന് താങ്കൾ കരുതുന്നുവെങ്കിൽ അത് കർമ്മഫലസിദ്ധാന്തത്തിന് വിരുദ്ധമാണ്. ചെയ്തുപോയ കർമ്മങ്ങളുടെ ഫലം നിശ്ചയമായും അനുഭവിക്കണമെന്ന് ശാസ്ത്രങ്ങൾ പറയുന്നു **(അവശ്യമേവ ഭോക്തവ്യം കൃതം കർമ്മ ശുഭാശുഭമ്).** ആ കർമ്മഫലത്തിൽ നിന്ന് ഒരിക്കലും നമുക്ക് വിട്ടുനിൽക്കാനാവില്ല. എന്നാൽ ഭാവിയിൽ നാം ചെയ്യാനിടയുള്ള പാപകർമ്മങ്ങളിൽ നിന്ന് പരിശ്രമം മൂലം നമുക്ക് മാറിനിൽക്കാനാവും. മഹർഷി പതഞ്ജലി യോഗദർശനത്തിൽ പറയുന്നു. '**ഹേയം ദുഃഖമനാഗതമ്**" എന്ന്. അനാഗതമായ-അതായത് ഇപ്പോൾ വന്നുചേരാത്ത-ഭാവിയിൽ വരാവുന്ന ദുഃഖങ്ങളിൽ നിന്ന് നിവാരണം ചെയ്യാവുന്നതാണ്.

രണ്ടാമത്തെ കാര്യമെന്തെന്നാൽ, അഘമർഷണമന്ത്രം (പാപനിവാരണത്തിനുള്ളത്) ജഗദുൽപ്പത്തിയെ വർണ്ണിക്കുന്ന മന്ത്രങ്ങളാലാണ് മഹർഷി വിവരിക്കുന്നത്. പരമപിതാവായ ഈശ്വരൻ സൃഷ്ടി, സ്ഥിതി, പ്രളയം നടത്തുന്നവനാണ്. സമസ്ത ലോകങ്ങളും അദ്ദേഹത്തിന് അധീനമാണ്. അദ്ദേഹം സർവ്വവ്യാപകനും സർവ്വാന്തര്യാമിയുമാണ്. അങ്ങിനെ അറിയുമ്പോൾ നാം പാപം ചെയ്യുന്നതിൽ നിന്ന് രക്ഷനേടും. അദ്ദേഹത്തിന്റെ സ്തുതി, ഭക്തി, ഉപാസന എന്നിവയിലൂടെ സർവ്വതും ലഭിക്കുന്നു. എന്തെന്നാൽ അദ്ദേഹം ആനന്ദസ്വരൂപനാണ്. അദ്ദേഹത്തെ പ്രാപിച്ചാൽ മാത്രമേ ഇത്തരം ദുഃഖങ്ങളിൽ നിന്ന് മോചനം കിട്ടുകയുള്ളൂ. അതിനാൽ അഘമർഷണത്തിന്റെ അർത്ഥം മനസ്സ്, വാണി, ശരീരം എന്നിവയാൽ ചെയ്യാനിടയുള്ള പാപങ്ങളെ ഈശ്വരന്റെ സ്തുതി, പ്രാർത്ഥനോപാസനാദികളുടെ സഹായത്താൽ നമുക്ക് ദൂരീകരിക്കാനാവും.

**"എല്ലാ സത്യവിദ്യകളുടേയും ആ വിദ്യകൊണ്ട് അറിയപ്പെടുന്ന പദാർത്ഥങ്ങളുടേയും ആദിമൂലം സർവ്വേശ്വരനാകുന്നു."**

**മഹർഷി ദയാനന്ദ സരസ്വതി**

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*



# സ്വസ്ഥ വൃത്തം

ഡോ.(പ്രൊ.) ശശികുമാർ നെച്ചിയിൽ, എം. ഡി (ആയു.)

## അതിരാവിലെ എന്തിനുണരണം?

**രാ**വിലെ ഉണരുന്നത് ആയുഷ്യമാണെന്നാണ് ആയുർവ്വേദത്തിന്റെ അഭിപ്രായം. ജീവിതകാലത്തെയാണ് ആയുസ്സെന്ന് പറയുന്നത്. ആയുസ്സിന് വളരെ ഗുണംപ്രദാനം ചെയ്യുന്നതിനേയാണ് ആയുഷ്യമെന്ന് അർത്ഥമാക്കുന്നത്. ആയുസ്സ് നിലനിൽക്കുന്നത് ശരീരത്തിന്റെയും മനസ്സിന്റെയും ആത്മാവിന്റെയും ആരോഗ്യം കൊണ്ടുമാണ്.

വളരെ ലഘുവായി ഒരു കാര്യം പറഞ്ഞാൽ രാവിലെ നേരത്തെ എഴുന്നേറ്റാൽ എല്ലാ ജോലികളും സമയബന്ധിതമായി പൂർത്തിയാക്കാനാകും. ഇതും മനസ്സിന് ആരോഗ്യം നൽകുന്നതാണ്.

### പ്രഭാതകർമ്മങ്ങൾ എന്തെല്ലാം?

എല്ലാവർക്കും അറിയാവുന്ന പ്രഭാതകർമ്മങ്ങൾ കൂടാതെ മറ്റു പലതും ആരോഗ്യം കാത്തുസൂക്ഷിക്കുന്നതിനായി ആയുർവ്വേദം പറഞ്ഞു തരുന്നുണ്ട്. അവയിൽ ചിലത് താഴെ കുറിക്കാം.

### കബളം, ഗണ്ഡൂഷം (gargling)

ഔഷധങ്ങൾ വായിൽ വെച്ചുകൊണ്ടിരുന്ന് അൽപം കഴിഞ്ഞ് അത് പുറത്തേക്ക് കളയുന്നതിനെയാണ് 'കബളം' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ദിവസം തോറും നല്ലെണ്ണ വായിൽ കവിൾ കൊള്ളുന്നത് ഒരു രീതിയാണ്. ഇതിനാൽ പല്ലുകൾക്ക് ബലവും മോണകൾക്ക് ആരോഗ്യവും വരും. തണുപ്പ് കാലത്ത് ഈ എണ്ണ അൽപം ചൂടാക്കുന്നതും കൊള്ളാം. വായ്നാറ്റം, പല്ല് പുളിക്കൽ, വിവധ തരം മോണരോഗങ്ങൾ എന്നിവയെ തടുത്തു നിർത്താൻ ഇതു കൊണ്ടു കഴിയും. നല്ലെണ്ണ ശുദ്ധമായിരിയ്ക്കണമെന്ന കാര്യം ഇക്കാലത്ത് പ്രത്യേകം ശ്രദ്ധിക്കണം.

### നസ്യം

മൂക്കിലൂടെ മരുന്ന് ഒറ്റിച്ച് നൽകുന്ന രീതിയേയാണ് നസ്യം എന്നതു കൊണ്ട് അർത്ഥമാക്കുന്നത്. ആരോഗ്യം നിലനിർത്തുവാൻ രോഗമില്ലാത്ത ആളുകൾക്കും നസ്യം ആവശ്യമാണ്. മൂക്കിൽ മരുന്നു പ്രയോഗിയ്ക്കുമ്പോൾ അതിനോട് ബന്ധപ്പെട്ടു കിടക്കുന്ന സൈനസ്സുകളിൽ ഔഷധവീര്യം എത്തുകയും അവയിൽ അടിഞ്ഞു കൂടുവാനിടയുള്ള കഫം മുതലായവ പുറത്തേക്ക് കൊണ്ടുവരികയും ചെയ്യുന്നു. ഇത്തരത്തിൽ സൈനസ്സുകളെ ഇത് ആരോഗ്യമുള്ളതാക്കി തീർക്കുന്നു. അതിനാൽ അവയോട് ബന്ധപ്പെട്ടു കിടക്കുന്ന കണ്ണ്, ചെവി, പല്ലുകൾ മുതലായ അംഗങ്ങൾക്ക് ആരോഗ്യം ഉണ്ടാക്കുവാൻ ഇത് ഉപകരിയ്ക്കും.

(തുടരും)

*ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)*
*അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും*





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

*മഹർഷി ദയാനന്ദ സരസ്വതി*
*തർജ്ജമ: കെ.എം. രാജൻ*




**ഈ**ശ്വരൻ സർവ്വജ്ഞനായതിനാൽ അദ്ദേഹത്തിന് എല്ലാവരുടേയും മനോഗതം, പാപ – പുണ്യവാസന, പരമേശ്വര ഭക്തിഭാവന എന്നിവയെല്ലാം പ്രത്യക്ഷമായറിയാനാവും. മുമ്പുചെയ്ത പാപങ്ങളുടെ ഫലമനുഭവിക്കേണ്ടിവരികയും ഈശ്വരഭക്തിയാൽ അദ്ദേഹത്തിന്റെ ദയകാരണം പാപങ്ങളുടെ ഫലം അനുഭവിക്കുന്നതിൽ നിന്ന് രക്ഷപ്പെടാനാവുന്നുമില്ലാ എങ്കിൽ മുക്തി എപ്രകാരമായിരിക്കും എന്ന സംശയമുന്നയിക്കുകയാണെങ്കിൽ മുക്തി എന്നത് എന്താണെന്ന് നമുക്ക് നോക്കാം.

മുക്തി അഥവാ ഈശ്വരസാക്ഷാത്ക്കാരം - ഈശ്വരനോട് ജീവാത്മാവിനുണ്ടാകുന്ന ആകർഷണം മൂലം ഈശ്വരീയ പരമാനന്ദത്തിൽ ലയിക്കുന്നതാണ് മുക്തിയുടെ ലക്ഷണം. ഈ ലയനത്തിൽ സന്തോഷ - സന്താപങ്ങളിൽ നിന്നു വിമുക്തിനേടി സദാ ആനന്ദ പ്രാപ്തി കൈവരുന്നു. ശോകം വരുന്നതു മൂലം മനസ്സ് പ്രക്ഷുബ്ധമാവുന്നു. സന്തോഷം വരുമ്പോഴും അങ്ങിനെ സംഭവിക്കുന്നു. ഇതിനൊരുദാഹരണം നൽകാം. ഒരു ദരിദ്രന് ഒരുലക്ഷം രൂപ അവിചാരിതമായി കിട്ടിയാൽ അയാൾക്ക് ആനന്ദം മൂലം ചിത്തഭ്രമമുണ്ടാവുന്നു. ഈശ്വരനെ ഒഴിച്ച് കർമ്മങ്ങൾ ചെയ്താലും അവയിൽ ആത്മാവ് മുക്തനായി തീരുന്നില്ല. മുക്തി ലഭിക്കുവാനുള്ള ഒരേയൊരു വഴി ഈശ്വരപ്രാപ്തി മാത്രമാണ്.

ഈ സൃഷ്ടി അനാദിയല്ലെന്നും എന്നാൽ ഇതിന് എന്നെങ്കിലും ഒരു ആരംഭമുണ്ടാവണം എന്നും സൃഷ്ടിയുടെ ആരംഭത്തിൽ ജീവാത്മാക്കളിൽ ചിലർക്ക് മൃഗാദികളുടെ ജന്മവും മറ്റുചിലർക്ക് മാനവജന്മവും ലഭിച്ചുവെന്ന് ആരെങ്കിലും പറയുകയാണെങ്കിൽ ഈശ്വരൻ ന്യായകാരിയല്ലെന്നു വരും. എങ്ങിനെയാണ് കുറച്ച്പേർക്ക് പശു - പക്ഷികളുടെ ജന്മവും മറ്റു ചിലർക്ക് മനുഷ്യ ശരീരവും ലഭിച്ചത് ?

ഇതിനുള്ള സമാധാനമിതാണ്. ചിലർ പറയുന്നു. പരമേശ്വരൻ ഒരു സ്ത്രീയേയും പുരുഷനേയും സൃഷ്ടിച്ചു. സർപ്പം പറഞ്ഞതനുസരിച്ച് സ്ത്രീ ജ്ഞാന വൃക്ഷത്തിന്റെ ഫലം ഭക്ഷിച്ചു. അങ്ങിനെ സ്ത്രീയുടെ അപരാധം കാരണം സ്ത്രീ- പുരുഷൻമാർ പാപികളായി തീർന്നു. അങ്ങിനെ ലോകത്ത് പാപ - പുണ്യങ്ങളുണ്ടായി. അത്തരം അസംബന്ധ കഥകളുമായി മറുപടി നൽകാൻ ഞാനാഗ്രഹിക്കുന്നില്ല. ഈ വിഷയത്തിൽ ആര്യൻമാർ ശാസ്ത്രങ്ങളുടെ അടിസ്ഥാനത്തിൽ എന്താണ് ചിന്തിച്ചിട്ടുള്ളത് എന്നു നോക്കാം. ഇന്നു കാണുന്നതരത്തിലുള്ള സൃഷ്ടി അതേ രൂപത്തിലായിരുന്നില്ല പ്രാരംഭത്തിലെ സൃഷ്ടി. അതിനാൽ ഇപ്പോഴത്തെ സൃഷ്ടിക്ക് ഉത്തര സൃഷ്ടി എന്ന പേര് നൽകാം. അത് എളുപ്പം മനസ്സിലാവാനുപകരിക്കും. തസ്മാദ്വാ ഏതസ്മാദാത്മന ആകാശഃ സംഭൂതഃ ആകാശാദ് വായുഃ വായോരഗ്നിഃ അഗ്നേരാപഃ അദ്ഭ്യഃ പൃഥ്വീവീ, പൃഥിവ്യാ ഓഷധയഃ || എന്നിങ്ങനെ (തൈത്തിരീയ ഉപനിഷത് ബ്രഹ്മ 1 ) ആദിസൃഷ്ടിയിൽ വളരെ മനുഷ്യരേയും പശു - പക്ഷികളെയും സൃഷ്ടിച്ചു.

(തുടരും)

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*

*(മുൻലക്കത്തിന്റെ തുടർച്ച)*

# ജീവിതം ഒരല്ലയാഴി

**ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി**

## *അദ്ധ്യായം 4*



"**വൈ**കുന്നേരം 05:36 നാണ് മംഗലാപുരം - മദിരാശി മെയിൽ ഒറ്റപ്പാലത്തെത്തുക. അതിൽ ബോംബേയ്ക്ക് നേരിട്ടു പോകുന്ന ഒരു ബോഗി ഘടിപ്പിച്ചിട്ടുണ്ടാകുമത്രെ.അതിൽ കയറി കൂടിയാൽ പിന്നെ മാറിക്കേറലും മറ്റും വേണ്ടല്ലോ. അപ്പോഴേക്കും യാത്രയ്ക്കുവേണ്ട അത്യാവശ്യ സാധനങ്ങളൊരുക്കണം."പാച്ചൻ "പാറൻസ്" വസ്ത്രാലയത്തിൽ കേറി. അന്നത്തെ പേർപെറ്റ, ഉറപ്പാർന്ന, കീറിയാലും നിറം കലങ്ങി മങ്ങിപ്പോകാത്ത ആകർഷണീയമായ കരയാർന്ന ഇല്ലിക്കുന്നം മുണ്ട് ഒരു കുത്ത് (കുത്ത് =8മുണ്ട്) വാങ്ങി.

"വില ?"- പാച്ചനാരാഞ്ഞു.'

" അഞ്ചുരൂപ" - വ്യാപാരി ബില്ലെഴുതി പാച്ചനു കൊടുത്തു.

പാച്ചൻ ബിൽവാങ്ങി 5 രൂപ കൊടുത്ത് മുണ്ടുമായി പുറത്തു കടന്നു. നോക്കിയപ്പോൾ മണി പന്ത്രണ്ട്. നേരെ സുബ്ബരാമയ്യരുടെ ഹോട്ടലിൽ കയറി ഉണ്ടു. അവിടവിടെ ചായം പോയി തുരുമ്പു കയറിയ പഴയ ഒരു തകര ട്രങ്കിൽ വാങ്ങിയ മുണ്ടും സോപ്പ്- ചീർപ്പ്- കണ്ണാടി- ബ്രഷ് എന്നീവക അത്യാവശ്യ സാധനങ്ങളും അടക്കി. ഒരു പഴഞ്ചൻ കോട്ടും പാച്ചൻ സംഘടിപ്പിച്ചിട്ടുണ്ടായിരുന്നു. കാരണം ബോംബേയ്ക്കല്ലേ പോകുന്നത് സാധാരണ ഗ്രാമീണനായാൽ നാഗരികർ പരിഹസിച്ചാലോ. ട്രങ്കിലൊതുക്കി ആ കോട്ടും.

പുറനാട്ടുകരക്കുള്ള വഴിച്ചിലവ് 2 രൂപ, മുണ്ടിന് 5 രൂപ,. മറ്റുചിലവ് - ഊണ്, കാപ്പി എല്ലാം കൂടി 1 രൂപ. ആകെ 8 രൂപ ചിലവായി. 42 രൂപ ഉണ്ട് ബാക്കി. ബോംബേയ്ക്ക് ടിക്കറ്റിന് 19 രൂപയോളം വരും. പോട്ടെ അവിടെ ചെന്നാൽ ഒന്നു നിന്നുതിരിയാൻ വകയുണ്ട്...ഓ ശരി..ഇനി അവിടെ ചെന്ന് "പിച്ചകിട്ടീതുല്ല്യ..പട്ടി കടിയ്ക്കേം ചെയ്തു....എന്നു പറഞ്ഞ പോലെ കഴിം ചെയ്തു പണി കിട്ടീതുംല്ല്യായെങ്കിൽ?..അതിനൊരു വഴിയുണ്ട്. നെടുമ്പാശ്ശേരി ചാതഫൻ നല്ലവനാണ്. എല്ലാവരുടെയും ശുഭകാംക്ഷിയാണ്. എന്നോട് മറുത്തൊന്നും പറയാറില്ല. അദ്ദേഹത്തെ കണ്ടുകളയാം. ഇപ്പോൾ ഊണു കഴിഞ്ഞ് പൂമുഖത്ത് നടക്കുന്ന സമയമാകും. ഒരു മണികഴിഞ്ഞേ മൂപ്പര് കിടക്കുകയുള്ളൂ. ഇവിടെ അടുത്തു തന്നെയാണല്ലോ സ്ഥലം. വണ്ടിക്ക് സമയമുണ്ട്.

*മാ നിന്ദത (ഋഗ്വേദം 4.5.2)*
*നിന്ദിക്കാതിരിക്കൂ!*





ഇങ്ങിനെ വീണ്ടു വിചാരം നടത്തി. ഒരിരുപതുരൂപയെടുത്ത് ബാക്കി പെട്ടിയിൽ തന്നെ വെച്ചു പൂട്ടി. പെട്ടിയും വിരിയും ഹോട്ടൽക്കാരനെ ഏൽപ്പിച്ച് ഇപ്പോവരാമെന്ന് പറഞ്ഞ് വേഗം നടന്നു.

വടക്കേക്കരയിലാണ് ചാതഫന്റെ ഇല്ലം. ഒരു പതിനഞ്ചു മിനിട്ടിന്റെ ദൂരമേ കാണൂ.

പാച്ചൻ വേഗം നടന്ന് ഗെയ്റ്റിലെത്തിയപ്പോൾ ഊഹിച്ചപോലെ തന്നെ ഊൺ കഴിഞ്ഞ് പുറത്തു നടക്കുന്നുണ്ട്. പെട്ടെന്നദ്ദേഹം ഗേയ്റ്റിലെത്തിയ പാച്ചനെ കണ്ട് താണു നോക്കി. പാച്ചൻ സംശയം കൂടാതെ സ്വഗൃഹ സമാനം ഗെയ്റ്റ് കടന്നു പൂമുഖത്തേക്ക് കയറി.

(തുടരും)

(മുൻലക്കത്തിന്റെ തുടർച്ച)

# ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും

## ഷോഡശസംസ്കാരങ്ങൾ

ഷോഡശസംസ്കാരങ്ങളിൽ മൂന്നെണ്ണം ജനനത്തിനു മുമ്പ് നടത്തണം.
1. ഗർഭാധാനം, 2.പുംസവനം, 3. സീമന്തോന്നയനം

**ആറെണ്ണം ശൈശവാവസ്ഥയിൽ**

1. ജാതകർമ്മം, 2. നാമകരണം, 3. നിഷ്ക്രമണം, 4. അന്നപ്രാശനം, 5. മുണ്ഡനം, 6.കർണ്ണവേധം.

**രണ്ടെണ്ണം വിദ്യാഭ്യാസം ആരംഭിക്കുന്ന സമയത്താണ്**

1. ഉപനയനം, 2. വേദാരംഭം

**രണ്ടെണ്ണം വിദ്യാഭ്യാസം പൂർത്തിയാക്കിയതിനുശേഷം**

1. സമാവർത്തനം, 2. വിവാഹം

**അടുത്ത മൂന്നെണ്ണം അവസാന ഘട്ടത്തിലാണ്**

1. വാനപ്രസ്ഥം, 2. സന്യാസം, 3. അന്ത്യേഷ്ടി

**വിവാഹം**

1. പെൺകുട്ടികൾക്ക് ഏറ്റവും കുറഞ്ഞത് 19 വയസ്സും ആൺകുട്ടികൾക്ക് 25 വയസ്സും പൂർത്തിയാക്കിയശേഷം മാത്രമേ വിവാഹം നടത്താൻ പാടുള്ളൂ.
2. ഒരു പുരുഷൻ ഒരു സ്ത്രീയെ മാത്രമേ വിവാഹം ചെയ്യാവൂ.
3. അക്ഷതയോനിയായ വിധവയ്ക്കോ അല്ലെങ്കിൽ ബാല വിധവയ്ക്കോ അക്ഷതവീര്യനായ പുരുഷനുമായി വിവാഹം നടത്തുന്നത് യോഗ്യമാണ്.

(തുടരും)

*യന്തി പ്രമാദമതന്ദ്രാഃ (സാമം 721)*
*ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു*